LIBRARY ARCHIVES Kerala Legislative Assembly

**പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി**

104(1169) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഫയലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട്. സ.ഉ. (എം.എസ്.) നമ്പർ 52/2016/റവ. തീയതി 27-1-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

**ഭൂസമരങ്ങൾ**

105(1170) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള ഭൂസമരങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സമരം നടത്തിയവരുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; എന്തെല്ലാം ഉറപ്പുകളാണ് അവർക്ക് നൽകിയിരുന്നത്;

(സി) നൽകിയിരുന്ന ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; പരിഗണിക്കാൻ കഴിയാതെ പോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നു; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തീരപ്രദേശങ്ങളിലുള്ളവർക്ക് പട്ടയം**

106(1171) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരായ തീരദേശവാസികൾക്ക് എന്നത്തേക്ക് പട്ടയം വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ?